**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2898** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളിൽ ചേരാത്തതും കൊഴിഞ്ഞു പോയതുമായ ആദിവാസി വിഭാഗം കുട്ടികളെ സർവേയിലൂടെ കണ്ടെത്തി വിദ്യാലയ പ്രവേശനം നടത്തുന്നതിനും പഠന പിന്തുണ സംവിധാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | **സ്കൂളിൽ ചേരാത്തതും സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെ സ്കൂളിലേക്ക് കൊണ്ടു വരുന്നതിനും അവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനും പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.**<br><br>**പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നത് ലക്ഷ്യം വെച്ച് സ്കൂളുകളിൽ നിന്നും ഉന്നതികളിൽ തിരികെ എത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി സാമൂഹ്യപഠനമുറി പദ്ധതിയും വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞ് പോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതിയും വകുപ്പ് നടപ്പിലാക്കുന്നുണ്ട്.**<br><br>**കൊഴിഞ്ഞുപോയ വിദ്യാർത്ഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിന് ജില്ലാതലത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരണം നടത്തി വരുന്നുണ്ട്.**<br><br>**പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് ഓരോ അദ്ധ്യയന വർഷവും 75% ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500/- രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.** |

| | | | |
|---|---|---|---|
| | | | **കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 2,250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്ക് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിനും, ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5,250/- രൂപയും, 1000/-രൂപയും നൽകുന്നു.**<br><br>**സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ ഹൈടെക്/ സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആക്കുക വഴി പൊതുസമൂഹത്തെ പോലെ തന്നെ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനത്തോട് താൽപര്യവും ഉത്സാഹവും ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.** |
| (ബി) | ഔപചാരിക വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ നിരവധി ചൂഷണങ്ങൾക്ക് വിധേയമാകുന്നത് തടയാൻ എന്തൊക്കെ വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ? | (ബി) | **ഔപചാരിക വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ നിരവധി ചൂഷണങ്ങൾക്ക് വിധേയമാകുന്നത് തടയാൻ പട്ടികജാതി വികസന വകുപ്പ് താഴെ പറയുന്ന വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കി വരുന്നു.**<br><br>**പട്ടികജാതി വികസന വകുപ്പിനു കീഴിൽ 86 പ്രീമെട്രിക് ഹോസ്റ്റലുകളും ഒരു സ്പോർട്സ് എം.ആർ.എസ് ഉൾപ്പെടെ 10 എം.ആർ.എസുകളും പ്രവർത്തിച്ചുവരുന്നു. 1 - 10 ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് സ്റ്റേറ്റ് പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു. അവർക്ക് ലംപ്സം ഗ്രാന്റ്, 1-8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അധ്യയന വർഷാരംഭത്തിലുണ്ടാകുന്ന പ്രാരംഭ ചെലവുകൾ, ഓൺലൈൻ പഠന സംബന്ധമായ ആവശ്യങ്ങൾ തുടങ്ങിയവയ്ക്കായി പ്രതിവർഷം 2000/- രൂപ വീതം ആനുകൂല്യം, 1-10 വരെ ക്ലാസുകളിൽ പഠിക്കുന്ന ദുർബല സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന നിലവാരം ഉയർത്തുന്നതിനായി പ്രതിമാസം സ്റ്റൈപ്പന്റ്, സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 1-10 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് LP/UP-1333/- (പ്രതിവർഷം) HS - 2000/- (പ്രതിവർഷം) ആനുകൂല്യം, 9-10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ച നിബന്ധനകളുടെ അടിസ്ഥാനത്തിലുള്ള സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, അനാരോഗ്യകരമായ ചുറ്റുപാടുകളിൽ പണിയെടുക്കുന്നവരുടെ ആശ്രിതർക്കുള്ള സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ്, ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കോളർഷിപ്പ് പദ്ധതി.** |

ഔപചാരിക വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ നിരവധി ചൂഷണങ്ങൾക്ക് വിധേയമാകുന്നത് തടയാൻ പട്ടികവർഗ്ഗ വികസന വകുപ്പ് താഴെപറയുന്ന വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

<u>പ്രീമെട്രിക് സ്കോളർഷിപ്പ്:-</u>

സംസ്ഥാനത്ത് എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അധിക ധനസഹായമായി പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകി വരുന്നു. കൂടാതെ 9,10 ക്ലാസ്സുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രതിവർഷം 2,250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്ക് ഉടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5,250/- രൂപയും 1000/- രൂപയും നൽകുന്നു.

<u>പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്</u>

പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സ്കീം എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്യുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിധിയിൽ (വരുമാന പരിധി 2.50 ലക്ഷം രൂപയിൽ താഴെ) ഉൾപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന വിഹിതമടങ്ങിയ സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയും, കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിധിയിൽ ഉൾപ്പെടാത്ത വരുമാന പരിധി 2.50 ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ള മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കൂടാതെ കേന്ദ്ര സ്കോളർഷിപ്പിൽ ഉൾപ്പെടാത്ത ഘടകങ്ങളായ ഫെലോഷിപ്പ് (PhD, MPhil, MTech, MLit വിദ്യാർത്ഥികൾക്ക്) യു ജി സി നിരക്കിന്റെ 75% ABLC ഉടങ്ങിയ ആനുകൂല്യങ്ങൾക്കായി സംസ്ഥാന സർക്കാർ വിഹിതമായി അനുവദിച്ചു വരുന്നു.

**അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി**

**സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അഞ്ചാം ക്ലാസ് മുതലുള്ള തുടർ പഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ UP തലത്തിൽ അഞ്ചാം ക്ലാസിലും, HS തലത്തിൽ എട്ടാം ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് സ്കോളർഷിപ്പ് നൽകുകയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുകയും ചെയ്യുന്നു.**

**സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം**

**അക്കാഡമിക് - കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. എസ്.എസ്.എൽ.സി, +2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസിൽ പാസ്സാകുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.**

**ഉന്നതി - വിദേശ പഠന സ്കോളർഷിപ്പ് -**

**കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ODEPC (Overseas Development and Employment Promotion Consultants) ന്റെ സഹകരണത്തോടെ "കേരള സർക്കാർ-ഉന്നതി വിദേശപഠന സ്കോളർഷിപ്പ്" എന്ന പേരിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 25 ലക്ഷം രൂപ വരെ വരുമാന പരിധിയില്ലാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദിച്ച വരുന്നു.**

**അന്യസംസ്ഥാന പഠനം**

**സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചു വരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു. നാഷണൽ എൻട്രൻസ് ടെസ്റ്റ്**

**വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നു.**

**<u>ലാപ്പ്ടോപ്പ്</u>**

**സർക്കാർ തെരഞ്ഞെടുത്തിട്ടുള്ള കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഐ.ടി. മേഖലയിലെ ഡിജിറ്റൽ ഡിവൈഡ് ലഘൂകരിക്കുന്നതിനായി സൗജന്യ ലാപ്പ്ടോപ്പ് വിതരണ പദ്ധതി നടപ്പിലാക്കി വരുന്നു. 2024-25 മുതൽ ടി പദ്ധതികൾ പ്രകാരം വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങുന്നതിന് ഒറ്റ തവണ 30,000/- രൂപ സ്കോളർഷിപ്പ് നൽകുന്നതാണ്.**

**<u>സിവിൽ സർവീസ് പരിശീലനം</u>**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, തൊഴിൽ, ഉന്നമനം എന്നിവ ലക്ഷ്യമാക്കി ഓരോ വർഷവും ഡിഗ്രി പരീക്ഷയിൽ 50% മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരിശീലനം നൽകിവരുന്നു. 30 വയസ്സിനു താഴെ പ്രായമുള്ളവരും വാർഷികവരുമാന പരിധി രണ്ടര ലക്ഷം രൂപയിൽ അധികരിക്കാത്തവരുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതിയിൽ ആദ്യഘട്ടത്തിൽ 50 ഉദ്യോഗാർത്ഥികൾക്ക് ഓറിയെന്റേഷൻ ക്യാമ്പ് നടത്തുകയും അതിൽ എഴുത്തുപരീക്ഷയിലൂടെയും കൂടിക്കാഴ്ചയിലൂടെയും തെരഞ്ഞെടുക്കുന്ന 30 പേർക്ക് ഇന്ത്യയിലെവിടെയുമുള്ള മികച്ച പരിശീലന സ്ഥാപനങ്ങളിൽ പോയി പഠിക്കുന്നതിന് അവസരം ലഭിക്കുന്നതാണ്. 2022-23 ലാണ് ഇത്തരത്തിൽ ഒരു പദ്ധതി ആരംഭിച്ചത്. ഓറിയെന്റേഷൻ ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, യാത്ര, പാഠപുസ്തകങ്ങൾ, ക്ലാസ്സുകൾ തുടങ്ങിയവ നൽകി വരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർത്ഥിക്കും പഠനത്തിനായി പരമാവധി മൂന്നു ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ച് നൽകും.**

**<u>കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് :</u>**

**കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിന് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി വിങ്സ് എന്ന പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ ഓരോ അധ്യയനവർഷവും 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്**

| | | | |
|---|---|---|---|
| | | | **സ്കോളർഷിപ്പ് അനുവദിച്ചു നൽകി വരുന്നു. തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ നടത്തുന്ന സുതാര്യമായ യോഗ്യത പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കോട് കൂടി യോഗ്യത നേടുന്നവരിൽ ഏറ്റവും കുറവ് വരുമാനമുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നൽകി വരുന്നു.**<br><br><u>അഭിഭാഷക ധനസഹായപദ്ധതി</u><br><br>**അഭിഭാഷകരായി എൻട്രോൾ ചെയ്യുവർക്ക് ധനസഹായം അനുവദിച്ചു നൽകുന്ന പദ്ധതിയാണിത്.**<br><br>**സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങൾ ഹൈടെക് സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആക്കുക വഴി പൊതുസമൂഹത്തെ പോലെ തന്നെ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനത്തോട് താൽപര്യവും ഉത്സാഹവും ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ വിദ്യാർത്ഥികളുടെ പഠന നിലവാരം അവലോകനം ചെയ്യുന്നതിനും കുട്ടികളുടെ പങ്കാളിത്തം സ്കൂളിൽ ഉറപ്പാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും, വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവരുടെ സഹകരണത്തോടു കൂടി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ആയത് പ്രകാരം നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.** |

സെക്ഷൻ ഓഫീസർ